## പതിനാലാം കേരള നിയമസഭ

### പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 461 — 18.11.2019 -ൽ മറുപടിക്ക്

## റേഷൻ ഭക്ഷ്യധാന്യങ്ങളുടെ ഫോർട്ടിഫിക്കേഷൻ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീമതി സി.കെ. ആശ**<br>**ശ്രീ.കെ. രാജൻ**<br>**ശ്രീ.ആർ. രാമചന്ദ്രൻ**<br>**ശ്രീ.ജി.എസ്.ജയലാൽ** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) റേഷൻ ഭക്ഷ്യധാന്യങ്ങളുടെ ഫോർട്ടിഫിക്കേഷൻ നടപടികൾ വിശദമാക്കാമോ ; | (എ) റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളിൽ വിറ്റാമിനുകളുടെ കുറവ് മൂലം അനീമിയ പോലെയുള്ള രോഗങ്ങൾ വരാതെ ചെറുക്കുന്നതിന് സമ്പുഷ്ടീകരിച്ച് നല്കുന്ന പദ്ധതിയാണ് ഫോർട്ടിഫിക്കേഷൻ. ആയതിലേയ്ക്ക് റേഷൻ കടകളിലും വെൽഫെയർ സ്കീമുകളിലേയ്ക്കും വിതരണം ചെയ്യുന്ന അരി ഫോർട്ടിഫിക്കേഷൻ ചെയ്യുന്ന പദ്ധതി 2023 സാമ്പത്തിക വർഷം മുതൽ ആരംഭിക്കാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചിട്ടുണ്ട്. നിലവിൽ റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന ആട്ട മാത്രമാണ് ഫോർട്ടിഫിക്കേഷൻ നടത്തി വരുന്നത്. |
| (ബി) റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങൾ പാക്കറ്റുകളിലാക്കി നൽകാൻ നടപടി സ്വീകരിക്കുമോ ; | (ബി) റേഷൻ ഭക്ഷ്യധാന്യങ്ങൾ പായ്ക്കറ്റുകളിലാക്കി നല്കുന്നത് പരിഗണനയിലില്ല. |
| (സി) റേഷൻ ഉപഭോക്താക്കളുടെ പരാതി പരിഹരിക്കുവാൻ എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ; | (സി) പൊതുവിതരണ സമ്പ്രദായത്തെക്കുറിച്ച് പൊതുജനങ്ങൾക്കുള്ള പരാതികൾ സ്വീകരിക്കുന്നതിനും പരിഹരിക്കുന്നതിനും വേണ്ടിയുള്ള ഓൺലൈൻ പരാതി പരിഹാര സംവിധാനം "Public Grievance Redressal Portal" 27.02.2019 മുതൽ പ്രവർത്തിച്ചു വരുന്നു. pg.civilsupplieskerala.gov.in എന്ന വെബ്സൈറ്റ് വഴി അപേക്ഷകന്റെ പേര്, വിലാസം, മൊബൈൽ നമ്പർ എന്നിവ നല്കി കേരളത്തിലെ ഏത് ജില്ലയിൽ നിന്നും പരാതിയുടെ വിശദവിവരം രേഖാമൂലമോ, ഓഡിയോ/ വീഡിയോ ആയോ സമർപ്പിക്കാവുന്നതാണ്. കൂടാതെ പൊതു വിതരണ രംഗത്തെ പരാതികൾ, സംശയങ്ങൾ എന്നിവ പരിഹരിക്കുന്നതിന് 1967 എന്ന ടോൾ ഫ്രീ നമ്പർ 24 മണിക്കൂറും പ്രവർത്തിച്ചു വരുന്നു. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം 2013 സംസ്ഥാനത്ത് |

നടപ്പിലാക്കിയതിന്റെ ഭാഗമായി എല്ലാ ജില്ലകളിലെയും അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റുമാരെയും ജില്ലാതല പരാതി പരിഹാര ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനതലത്തിൽ സ്റ്റേറ്റ് ഫുഡ് കമ്മീഷന്റെ പ്രവർത്തനവും ആരംഭിച്ചിട്ടുണ്ട്.

(ഡി) അവശരായവർക്ക് റേഷൻ വാങ്ങുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് ഒരുക്കിയിരിക്കുന്നതെന്ന് അറിയിക്കുമോ ;

(ഡി) അവശരായവർക്ക് റേഷൻ വാങ്ങുന്നതിന് പകരക്കാരെ (പ്രോക്സി) ഏർപ്പെടുത്താവുന്നതാണ്. അതേ റേഷൻ കടയിലുള്ള മറ്റേതെങ്കിലും കാർഡ് അംഗങ്ങളെ പ്രോക്സി ആക്കാവുന്നതാണ്.

(ഇ) പട്ടികവർഗ്ഗ മേഖലയിൽ റേഷൻ സാധനങ്ങൾ എത്തിച്ചു നൽകുന്നതിന് സഞ്ചരിക്കുന്ന റേഷൻ കട എന്ന സംവിധാനം നിലവിലുണ്ടോ; വിശദമാക്കുമോ?

(ഇ) കേരളത്തിലെ ആദിവാസി ഊരുകളിലേയ്ക്ക് റേഷൻ സാധനങ്ങൾ വാഹനങ്ങളിൽ നേരിട്ട് എത്തിക്കുന്ന പദ്ധതി പത്തനംതിട്ട, തൃശ്ശൂർ എന്നീ ജില്ലകളിൽ നിലവിലുണ്ട്. ടി പദ്ധതി വയനാട്, ഇടുക്കി, തിരുവനന്തപുരം, എറണാകുളം എന്നീ ജില്ലകളിലെ ആദിവാസി ഊരുകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്.

**സെക്ഷൻ ഓഫീസർ**